## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2949

22.06.2012-ൽ മറുപടിയ്ക്ക്

## മൾട്ടി സെക്ടറൽ ഡവലപ്പ്മെന്റ് സ്കീം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ കേന്ദ്രീകൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡവലപ്പ്മെന്റ് സ്കീം ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ നിന്ന് വയനാട് ജില്ലയിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | ന്യൂനപക്ഷങ്ങൾ ഏറെയുള്ള മറ്റ് ജില്ലകളിലേക്ക് കൂടെ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. |
| (സി) | പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ജില്ലകൾക്ക് പകരം ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | ഉണ്ട്. ഇതു പ്രകാരം കേരളത്തിൽ നിന്നും 50 ബ്ലോക്കുകൾ കണ്ടെത്തി കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ സ്കീമിൽ വരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ഡി) | ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ ആരോഗ്യം, കുടിവെള്ള വിതരണം, വൈദ്യുതി, ഭവനം, റോഡ് തുടങ്ങിയ മേഖലകളുടെ സമഗ്ര വികസനത്തിലൂടെ ന്യൂനപക്ഷ വിഭാഗങ്ങളെ ദേശീയ ശരാശരിയിലേക്ക് ഉയർത്തി കൊണ്ടു വരുവാൻ ലക്ഷ്യമാക്കിയുള്ള പ്രവർത്തികളാണ് ഈ സ്കീമിൽ വരുന്നത്. |
| (ഇ) | ഈ പദ്ധതി പ്രകാരമുള്ള പരിപാടികൾ എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ? | (ഇ) | 2012 സെപ്തംബറിൽ മാത്രമേ പന്ത്രണ്ടാം പദ്ധതി സംബന്ധിച്ച പൂർണ്ണരൂപം നിലവിൽ വരികയുള്ളൂ. |

സെക്ഷൻ ആഫീസർ.